**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4694** **13-03-2023 - ൽ മറുപടിയ്ക്ക്**

**കാവുകൾ, നീർത്തടങ്ങൾ, നദീതീര വനങ്ങൾ എന്നിവ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനേതര പ്രദേശങ്ങളിലെ സവിശേഷ ആവാസ വ്യവസ്ഥകളായ കാവുകൾ, നീർത്തടങ്ങൾ, നദീതീര വനങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | കാവുകളേയും അതിലുൾപ്പെട്ട കുളങ്ങൾ, ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിക്കുന്നതിന് ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 5 കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകി വരുന്നു. നദീതീരങ്ങളുടെ സംരക്ഷണത്തിനായി മുളം തൈകൾ വച്ചുപിടിപ്പിക്കാറുണ്ട്. പത്തനംതിട്ട ജില്ലയിൽ പമ്പാ നദിയുടെയും, പോഷക നദികളായ കക്കാട്ടാർ, കല്ലാർ, വരട്ടാർ എന്നിവയുടെ തീരങ്ങളിൽ MGNREGS മുഖേന ഒരു ലക്ഷത്തിൽപ്പരം മുളം തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2023-24-ൽ 2100 മുളം തൈകളും നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കുട്ടംപേരൂരിൽ നദീതീരത്ത് 2022-23 വർഷത്തിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ